പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ഒരു ച.മീറ്ററിന്റെ അംഗീകൃത ചെലവായ 935 രൂപയുടെ 50 ശതമാനവും ആനുകൂല്യം അനുവദിക്കുന്നു. പച്ചക്കറി തൈകൾ വാങ്ങി നടുന്നതിനും അവയ്ക്കായി വേണ്ട ഉൽപ്പാദനോപാധികൾ വാങ്ങുന്നതിനും ഒരു ച മീറ്ററിന്റെ അംഗീകൃത ചെലവായ 140 രൂപയുടെ 50 ശതമാനം ആനുകൂല്യവും അനുവദിക്കുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് ' പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. പോട്ടിങ് മിശ്രിതം നിറച്ച് പച്ചക്കറിതൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 16537 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കോഴിക്കോട്, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. 2500 രൂപ വിലയുള്ള 25 ഗ്രോബാഗിന് 500 രൂപ മാത്രം ഉണഭോക്തൃവിഹിതമായി വാങ്ങിയാണ് വിതരണം ചെയ്യുന്നത്.

(ബി) വീട്ടുവളപ്പിലെ മട്ടുപ്പാവിൽ ചെറിയ തോതിൽ കൃഷി ചെയ്യുന്നവർക്ക് സൗജന്യ നിരക്കിൽ വൈദ്യുതി നൽകാൻ ഇതുവരെ നടപടികളൊന്നുമില്ല. കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് മാത്രമേ നിലവിൽ വൈദ്യുതി സൗജന്യം ലഭിക്കാൻ അർഹതയുള്ളൂ. കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നൽകുന്നുണ്ട്.

രാസവള ദൗർലഭ്യം

162 (1578) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാസവളങ്ങൾക്ക് ദൗർലഭ്യം നേരിടുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വളങ്ങൾക്കാണ് ക്ഷാമം നേരിടുന്നത് ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ് ;

(സി) ഖാരിഫ്, റാബി സീസണുകളിലേക്ക് ആവശ്യമായ രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് എപ്രകാരമാണ് ;

(ഡി) എഫ്.എ.സി.ടി.-യിൽ യൂറിയയുടെ ഉല്പാദനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ മുൻകൈ എടുത്ത് നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് യൂറിയ വളത്തിന് ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ട്. മറ്റു വളങ്ങൾക്കൊന്നും തന്നെ ക്ഷാമം നേരിട്ടിട്ടില്ല. നിലവിൽ രാസവളങ്ങൾക്കൊന്നും തന്നെ സംസ്ഥാനത്ത് ക്ഷാമം അനുഭവപ്പെടുന്നില്ല.

(ബി) കേന്ദ്ര ഗവൺമെന്റ് ഓരോ കമ്പനികൾക്കും അലോട്ട് ചെയ്യുന്ന രാസവളങ്ങൾ അന്യസംസ്ഥാനങ്ങളിലെ ഇറമുഖങ്ങളിൽ ഇറക്കി അവിടെ നിന്നും കേരളത്തിലേക്ക് റെയിൽ/റോഡ് മാർഗ്ഗം കൊണ്ടുവരികയാണ് ചെയ്യുന്നത്. യൂറിയ, ഡൈ അമോണിയം ഫോസ്ഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നീ വളങ്ങളാണ് അന്യസംസ്ഥാന ഇറമുഖങ്ങൾവഴി കേരളത്തിൽ എത്തിക്കുന്നത്.

(സി) 2014-15 സാമ്പത്തിക വർഷം ഖാരിഫ് സീസണിലേക്കും റാബി സീസണുകളിലേക്കുമായി ആവശ്യമായി വരുന്ന രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	രാസവളത്തിന്റെ പേര്	ഖാരിഫ് 2014-15 (മെട്രിക് ടണ്ണിൽ)	റാബി 2014-15 (മെട്രിക് ടണ്ണിൽ)
1.	യൂറിയ	90000	80000
2.	ഡൈ അമോണിയം ഫോസ്ഫേറ്റ്	15000	10000
3.	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	88000	75000
4.	കോംപ്ലക്സ് (എൻ.പി.കെ.)	130000	100000
5.	സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്	20000	5750

(ഡി) പരിശോധിച്ചുവരുന്നു.

റബ്ബർ പർച്ചേസ് ടാക്സ്

163 (1579) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം വൻപരാജയമായിരുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly